## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1361

13.06.2014- ലെ മറുപടിക്ക്.

### പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തൽ

**ചോദ്യം**
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഉത്തരം**
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ; | (എ) | എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിമാരുടെ അവലോകനയോഗം ചേർന്ന് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തി വരുന്നു. കൂടാതെ പദ്ധതികൾക്ക് ഭരണാനുമതി സമയബന്ധിതമായി നൽകപ്പെടുന്നുണ്ടോ എന്ന് വകുപ്പു തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും വിശദമായ പരിശോധന നടത്തുന്നുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പെർഫോർമൻസ് മാനേജ്മെന്റ് ഡിവിഷന്റെ സഹകരണം തേടാറുണ്ടോ ; | (ബി) | സഹകരണം തേടാറുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ പദ്ധതി നിർവ്വഹണം അടക്കമുള്ളവയുടെ ലക്ഷ്യം നിശ്ചയിക്കുകയും വർഷാവസാനം അവ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാരിന്റെ പെർഫോമൻസ് മാനേജ്മെന്റ് ഡിവിഷന്റെ സഹായത്തോടു കൂടിയുള്ള റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് (ആർ.എഫ്.ഡി.) സംവിധാനം 2011 മുതൽ നിലവിലുണ്ട്. |
| (സി) | സാമ്പത്തിക വർഷത്തിന്റെ അവസാനം അശാസ്ത്രീയമായി പദ്ധതികൾ നിർവ്വഹിക്കുന്നത് എത്രത്തോളം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) | പദ്ധതികൾക്ക് യഥാസമയം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുവാൻ സാമ്പത്തിക വർഷത്തിന്റെ ഒന്ന്, രണ്ട്, മൂന്ന്, നാല് പാദങ്ങളിൽ യഥാക്രമം 10%, 30%, 60%, 100% പദ്ധതി തുക ചെലവ് ചെയ്യുക, പദ്ധതി തുകയുടെ സിംഹഭാഗം മാർച്ച് മാസത്തിൽ ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി മാർച്ച് മാസത്തെ ചെലവ് 10% ആയിരിക്കുക, പദ്ധതിയിലൂടെ ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാതെ പദ്ധതി തുക ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച് ചെലവ് കാണിക്കുന്നത് കർശനമായി ഒഴിവാക്കുക എന്നീ |

നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാനം അശാസ്ത്രീയമായി പദ്ധതികൾ നിർവ്വഹിക്കുന്നത് ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്.

Bijumon

സെക്ഷൻ ഓഫീസർ